# Mathrubhumi

# 23 August 2018

# Muvattupuzha, After Flood, Rescue Workers, Experiences



ദിനേശ് രക്ഷാപ്രവർത്തനത്തിന്റെ അനുഭവങ്ങൾ പങ്കുവെച്ചപ്പോൾ

## ബാഹുബലിയായി യുവഭാവനയുടെ കരുത്തൻമാർ

പി.എസ്.രാജേഷ്
മൂവാറ്റുപുഴ

▸ പുഴ വട്ടം കറങ്ങി കുത്തിയൊഴുകിയപ്പോൾ ഒന്നും ആലോചിക്കാനുണ്ടായിരുന്നില്ല. അവരിറങ്ങി. വാളകം റാക്കാട് യുവഭാവന ഗ്രന്ഥശാലയിലെ യുവാക്കൾ, കിട്ടിയ വള്ളവും വടവുമായി.

അമാന്തിച്ചാൽ റാക്കാട് നാന്തോട് ഗ്രാമത്തോടൊപ്പം ഇവിടത്തെ മനുഷ്യരും ഒന്നൊഴിയാതെ മലവെള്ളത്തിൽ ഒലിച്ചുപോകുമെന്നു മനസ്സിലായി. രക്ഷാപ്രവർത്തനവും പുനരുദ്ധാരണവും കഴിഞ്ഞ് വെള്ളത്തിൽ മുങ്ങിക്കിടന്നിരുന്ന തന്റെ സ്വന്തം വീട്ടിലേക്ക് ബുധനാഴ്ച എത്തിയ മാനംകുഴയ്ക്കൽ ദിനേശ് അനുഭവങ്ങൾ വിവരിക്കുന്നു. ദിനേശന്റെ നേതൃത്വത്തിൽ നടത്തിയ രക്ഷാപ്രവർത്തനത്തിനിടെ വള്ളം കുത്തൊഴുക്കിൽ മറിഞ്ഞു. മരത്തിലേക്ക് എറിഞ്ഞ് കെട്ടിയ കയറിലും കുത്തി നിവർത്തിയ തുഴക്കോലിലും പിടിച്ച് കൂടെയുണ്ടായിരുന്നവരെ വിടാതെ കരയേറ്റി ഇവർ. അപ്പോൾ ഫാമിലേക്കിരച്ചു കയറിയ വെള്ളം അഞ്ഞൂറോളം കോഴിക്കുഞ്ഞുങ്ങളെ ഒഴുക്കിലേക്ക് മറിക്കുകയായിരുന്നു. ദുരന്തം കരയിടിക്കുകയാണെന്ന് പുഴയറിയുന്ന ഈ യുവാക്കൾക്ക് മനസ്സിലാകാൻ അധികനേരം വേണ്ടി വന്നില്ല. യുവത്വം ഒരൊറ്റ മെയ്യായി, ഒരൊറ്റ മനസ്സായി മാറിയപ്പോൾ വിരൽ മുറിയുന്ന ഒഴുക്കിനിടയിൽനിന്ന് കരകയറിയത് നൂറു കുടുംബങ്ങളാണ്. അതും കഴുത്തറ്റം വെള്ളത്തിലും ഉത്തരത്തുഞ്ചത്തും മച്ച് പലകയിലും ജീവിതം കുരുങ്ങിക്കിടന്നവരെ. ഇവിടെ പുഴ, മുറ തെറ്റിച്ച് നേരെയാണ് ഒഴുകിയത്. റാക്കാട് എന്നാൽ പുഴ 'റ' പോലെ ഒഴുകുന്ന സ്ഥലമെന്നാണ്. നാന്തോട് കരയുടെ കിഴക്കുഭാഗത്തും പടിഞ്ഞാറ് ഭാഗത്തും തെക്കുവടക്കായി ഒഴുകുന്ന പുഴ ഒഴുകി താഴെ തടയണയിലെത്തുമ്പോഴേക്കും കിഴക്ക് പടിഞ്ഞാറ് തിരിയും. മൂന്നുവശവും പുഴയാൽ ചുറ്റപ്പെട്ട പ്രദേശമാണ് റാക്കാട് ശക്തിപുരം മുതൽ താഴേക്കുള്ള പ്രദേശം. വെള്ളപ്പൊക്കം വന്നപ്പോൾ പുഴ ഈ ദിശകളൊക്കെ മറന്നു. കിഴക്കു നിന്നും പടിഞ്ഞാറു നിന്നും റാക്കാടിനെ മൂടി വെള്ളം തെക്കു വടക്ക് കുതിച്ചൊഴുകി. ഇതിനിടയിൽ നൂറു വീടുകൾ. വാളകം പഞ്ചായത്തിലെ 7, 8 വാർഡുകൾ ഉൾപ്പെടുന്ന ഇവിടെയാണ് പുഴ സർവ ശക്തിയിലും പാഞ്ഞുകയറിയത്.

സേനയ്ക്കും രക്ഷാദൗത്യസംഘത്തിനും നേരിട്ട് നിർദ്ദേശം ലഭിച്ച ഒരു പ്രദേശമായിരുന്നു ഇത്. പുഴയെ അറിയാതെ ഇവിടെ ഒന്നും ചെയ്യാനാവില്ലെന്ന് മനസ്സിലായതോടെ നാട്ടിലെ യുവാക്കൾക്കു മാത്രമാണ് ഇവരെ രക്ഷിക്കാനാവൂ എന്ന് വ്യക്തമായി. യുവഭാവന ബാഹുബലിയായതോടെ എല്ലാവരെയും കരയ്ക്കെത്തിച്ചു.